പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1629 — 11.2.2013-ൽ മറുപടിക്ക്

## മൊബൈൽഇൻസിനറേറ്റർ ഇറക്കുമതിയിലെ ദുരൂഹത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) തലസ്ഥാനത്തിന്റെ മാലിന്യ സംസ്ക്കരണത്തിനായി ഇറക്കുമതി ചെയ്ത മൊബൈൽ ഇൻസിനറേറ്റർ പ്രവർത്തനക്ഷമതയില്ലാതെ ഉപേക്ഷിക്കപ്പെട്ട നിലയിലായിട്ടുണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മൊബൈൽ ഇൻസിനറേറ്ററിന്റെ ട്രയൽ റൺ പ്രവർത്തനം നടത്തിയ ശേഷം ആയതിന്റെ പ്രവർത്തന ക്ഷമതയും ഇന്ധനക്ഷമതയും സാങ്കേതിക സമിതി പഠന വിധേയമാക്കുകയുണ്ടായി. പഠന റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചതിന് ശേഷം തുടർ പ്രവർത്തനത്തിന് സർക്കാർ നിർദ്ദേശം നൽകിയതിനാൽ 29.01.2013 മുതൽ വീണ്ടും പ്രവർത്തിച്ച് തുടങ്ങിയിട്ടുണ്ട്. |
| ബി) നഗരങ്ങളിൽ ഉപയോഗയോഗ്യമാക്കുവാൻ കഴിയാത്ത ഇത്തരം യന്ത്രങ്ങൾ വാങ്ങിയതു സംബന്ധിച്ചുള്ള ഇടപാടുകൾ അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ; | ബി) & സി) തിരുവനന്തപുരം നഗരത്തിലെ മാലിന്യ സംസ്ക്കരണ പ്ലാന്റിലെ പ്രശ്നങ്ങൾ കണക്കിലെടുത്ത് ഒരു താൽക്കാലിക സംവിധാനമായാണ് എമർജൻസിയായി ഇൻസിനറേറ്റർ വാങ്ങാൻ സർക്കാർ അനുമതിയായിട്ടുള്ളത്. തിരുവനന്തപുരത്ത് ആയത് ഉപയോഗപ്പെടുത്തി വരുന്നു. ഇതു സംബന്ധിച്ച് പ്രത്യേക അന്വേഷണം നടത്തേണ്ടതായ സാഹചര്യമൊന്നും കാണുന്നില്ല. |
| സി) ഇല്ലെങ്കിൽ, പ്രസ്തുത ഇടപാടുമായി ബന്ധപ്പെട്ടുള്ള വിഷയത്തിന്മേൽ അന്വേഷണം നടത്തുന്നതിന് തയ്യാറാകുമോ? | |

സെക്ഷൻ ഓഫീസർ